**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സാമൂഹ്യ നീതിവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി- MGNREGS കേന്ദ്ര വിഹിതം ലഭ്യമാവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റേയും തദ്ദേശ സ്ഥാപനങ്ങളുടേയും ലഭ്യമായ വിഹിതത്തിൽ നിന്നും മുൻകൂർ തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2577/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/10/2018

---

പരാമർശം:- 1 സ.ഉ.(സാധാ)നം.118/2017/ത.സ്വ.ഭ.വ തീയതി 12.01.2016

2 സ.ഉ.(സാധാ)നം.223/2017/ത.സ്വ.ഭ.വ തീയതി 27.01.2017

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.03.2018- ലെ 2507/ഇ.ജി.എസ്.എ/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 30.08.2018-ലെ PAN/20181/2018-J 2 (DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും ഉല്പാദനപരമായ ആസ്തികളുടെ നിർമ്മാണവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഒരു പ്രത്യക്ഷ ലക്ഷ്യമാണ്.

ഇതിലേയ്ക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സാമൂഹ്യ നീതിവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 ലക്ഷം രൂപ വരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായും അതിലധികം ആവശ്യമായി വരുന്ന തുകയിൽ 2 ലക്ഷം രൂപ വരെ സാമൂഹ്യനീതി വകുപ്പിന്റേയും വിഹിതമായി ചെലവഴിക്കുന്നതിനും, കൂടുതൽ തുക ആവശ്യം വരുന്ന പക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം(1), പരാമർശം(2) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതികളുടെ സംയോജനത്തിലൂടെ 1000 അംഗൻവാടികൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നതിൽ 720 അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം സംസ്ഥാന തൊഴിലുറപ്പ് മിഷന് കൈമാറുകയും ടി തുക മിഷൻ ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സാധനസാമഗ്രികൾ ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ കേന്ദ്രവിഹിതം ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ ടി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം തുക അനുവദിക്കാൻ കഴിയുന്നില്ല എന്നും ആയതിനാൽ പദ്ധതിയ്ക്ക് കീഴിൽ അങ്കണവാടി നിർമ്മാണം ഏറ്റെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾ വിമുഖത കാണിക്കുന്നതായും പരാമർശം(3) പ്രകാരം മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സ്ഥിതിയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നതും പണി പൂർത്തിയാക്കിക്കഴിഞ്ഞതുമായ അങ്കണവാടി കെട്ടിടങ്ങൾക്ക് സാമൂഹ്യ നീതി വകുപ്പിന്റെയും വിവിധ തദ്ദേശ സ്ഥാപനങ്ങളുടേയും വിഹിതമായി ലഭിച്ചിട്ടുള്ള തുകയിൽ നിന്നും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിയോഗത്തിനു മുൻപ് തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യാനുസരണം തുക നൽകാൻ അനുവാദം നൽകണമെന്ന്

മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പരാമർശം (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ നീതിവകുപ്പിന്റെയും(വനിതാ ശിശു വികസന വകുപ്പ്) , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യം ഉണ്ടായാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അങ്കണവാടി നിർമ്മാണത്തിനുള്ള ദേശീയ തൊഴിലുറപ്പ് പദ്ധതി വിഹിതമായ 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് മുൻപ് തന്നെ സമൂഹ്യനീതി വകുപ്പിന്റെയോ തദ്ദേശ ഭരണസ്ഥാപനത്തിന്റെയോ വിഹിതമോ/സംയുക്തമായോ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

വനിതാ ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ .

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.10.. 12:11:04 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്